"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കുട്ടികളിലും യുവാക്കളിലുമുള്ള ലഹരിവസ്തുക്കളുടെ ദുരുപയോഗം നിയന്ത്രിക്കുന്നതിനായുള്ള ഫോർത്ത് വേവ് ഫൗണ്ടേഷന്റെ ലഹരി വിമുക്ത ഗ്രാമം പദ്ധതി [S.A.F.E. (Substance Abuse Free Environment) Village Program] - തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ നടപ്പാക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.2378/2025/LSGD    തീയതി,തിരുവനന്തപുരം, 29-09-2025

---

പരാമർശം:-

1. ഫോർത്ത് വേവ് ഫൗണ്ടേഷൻ ഡയറക്ടറുടെ 18.06.2025, 31.07.2025 തീയതികളിലെ കത്തുകൾ
2. എക്സൈസ് കമ്മീഷണറുടെ 14.07.2025ലെ EXC/1864/2025-VIMUKTHI 4 നമ്പർ കത്ത്.

**ഉത്തരവ്**

കേരളത്തിൽ കുട്ടികൾക്കും യുവാക്കൾക്കും ഇടയിലുള്ള മയക്കുമരുന്ന്, ലഹരിവസ്തുക്കളുടെ ദുരുപയോഗം എന്നിവ ഫലപ്രദമായി നിയന്ത്രിക്കുന്നതിനായി പ്രവർത്തിക്കുന്ന ഏജൻസിയാണ് ഫോർത്ത് വേവ് ഫൗണ്ടേഷൻ. ഇവരുടെ പ്രവർത്തനങ്ങളെ United Nations Office on Drugs and Crime (UNODC) അംഗീകരിച്ചിട്ടുണ്ട്. Drug Abuse Prevention Center (DAPC), Japan ന്റെ പിന്തുണയുമുണ്ട്. Shibulal Family Philanthropic Initiatives (SFPI)ന്റെ പിന്തുണയോടെ കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട 75 പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലുമായി 5 വർഷകാലയളവിൽ ഒരു ലഹരി വിമുക്ത ഗ്രാമം പദ്ധതി [S.A.F.E. (Substance Abuse Free Environment) Village Program] നടപ്പിലാക്കുവാൻ ഫോർത്ത് വേവ് ഫൗണ്ടേഷൻ എന്ന ലഹരിക്കെതിരെ പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ പ്രോജക്ട് 'വേണ്ട' ഉദ്ദേശിക്കുന്നുണ്ട്. S.A.F.E. Village പദ്ധതി, സാമൂഹികാടിസ്ഥാനത്തിലുള്ള മയക്കുമരുന്നിന്റെ ഉപഭോഗം കുറയ്ക്കുന്നതിനുള്ള ഒരു സംരംഭമാണ്. മയക്കുമരുന്നിനെതിരെ അവബോധം സൃഷ്ടിക്കൽ, ആവശ്യകത കുറയ്ക്കുന്നതിനുള്ള ശേഷി വർദ്ധിപ്പിക്കൽ, സുസ്ഥിര ഇടപെടൽ എന്നിവയാണ് പ്രധാന ഇടപെടലുകൾ. ഇത് സംബന്ധിച്ച് സർക്കാരിൽ നിന്നും ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകണമെന്നും, Shibulal Family Philanthropic Initiatives (SFPI) എന്ന ഏജൻസിയുമായി MoU ഒപ്പുവെക്കണമെന്നും ഫോർത്ത് വേവ് ഫൗണ്ടേഷൻ എന്ന സംഘടനയുടെ മാനേജിംഗ് ഡയറക്ടർ പരാമർശം 1 പ്രകാരം അഭ്യർഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മയക്കുമരുന്ന്/ലഹരിവസ്തുക്കളുടെ ദുരുപയോഗത്തിനെതിരെ ഇടപെടൽ നടത്തുന്ന മേഖലയിൽ വിശ്രുതമായ എൻ.ജി.ഒ. ആണ്

ഫോർത്ത് വേവ് ഫൗണ്ടേഷൻ എന്നതും, തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ഈ പദ്ധതിയുമായി ബന്ധപ്പെട്ട് ഫണ്ട് ചെലവഴിക്കേണ്ടി വരുന്നില്ല എന്നും കണക്കിലെടുത്ത്, ഫോർത്ത് വേവ് ഫൗണ്ടേഷന്റെ പ്രോജക്ട് 'വേണ്ട'യുടെ ഭാഗമായി, ലഹരി വിമുക്ത ഗ്രാമം പദ്ധതി [S.A.F.E. (Substance Abuse Free Environment) Village Program] ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ നടപ്പാക്കാൻ, താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി, അനുമതി നൽകി ഉത്തരവാകുന്നു.

- അനുബന്ധമായി പട്ടികപ്പെടുത്തിയിട്ടുള്ള ഗ്രാമപഞ്ചായത്തുകളുടെയും നഗരഭരണ സ്ഥാപനങ്ങളുടെയും അനുവാദം ഫോർത്ത് വേവ് ഫൗണ്ടേഷൻ തന്നെ ലഭ്യമാക്കേണ്ടതാണ്.
- തദ്ദേശ ഭരണ സ്ഥാപനങ്ങളോട് കൂടിയാലോചിച്ച് മാത്രം പദ്ധതി ഘടകങ്ങളും പദ്ധതിയുടെ ഗുണഭോക്താക്കളെയും തെരഞ്ഞെടുക്കണം.
- ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനങ്ങളോട് കൂടിയാലോചിച്ച് MoU അന്തിമമാക്കണം.
- തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ഫണ്ട് ഇതിനായി വകയിരുത്താവുന്നതല്ല.
- എക്സൈസ് വകുപ്പിന്റെ മേൽനോട്ടം പദ്ധതി നടത്തിപ്പിൽ ഉറപ്പുവരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MADHUSOODHANAN V
അണ്ടർ സെക്രട്ടറി

1. ഡയറക്ടർ, ഫോർത്ത് വേവ് ഫൗണ്ടേഷൻ, പാന്തപ്ലാക്കൽ ഹൗസ്, ചെറിയകുമരോത്ത് ലെയ്ൻ, മാമംഗലം - 682025
2. ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. ബന്ധപ്പെട്ട മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
4. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
5. ഡയറക്ടർ-റൂറൽ, തദ്ദേശസ്വയംഭരണ വകുപ്പ്
6. ഡയറക്ടർ-അർബൻ, തദ്ദേശസ്വയംഭരണ വകുപ്പ്
7. എക്സൈസ് കമ്മീഷണർ
8. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
9. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
10. എല്ലാ ജില്ലാ കളക്ടർമാർക്കും
11. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
12. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
13. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
14. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
15. ഡയറക്ടർ ജനറൽ, കില
16. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
17. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
18. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
19. നികുതി (ജി) വകുപ്പ്
20. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Viraj K
Date: 29-09-2025 14:24:14

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
3. തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്